# 2022-2023 GLPS PEECHI യിൽ നടത്തിയ സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികം "ആസാദി കാ അമൃത മഹോത്സവ്" റിപ്പോർട്ട്

---

ഏറെ നാളത്തെ പരിശ്രമത്തിന്റെ ഫലമായി വളരെ വിപുലമായ രീതിയിലാണ് അമൃത മഹോത്സവം സ്കൂളിൽ സംഘടിപ്പിച്ചത്. അതിൽ എടുത്തു പറയേണ്ടവ സ്കൂൾ ശുചീകരണ പ്രവർത്തനങ്ങൾ, സ്വാതന്ത്ര്യത്തിന്റെ കയ്യൊപ്പ്, ഗാന്ധിമരം നടൽ, ഭരണഘടനയുടെ ആമുഖം പരിചയപ്പെടുത്തൽ, സ്വാതന്ത്ര്യദിനാഘോഷം എന്നിവയാണ്.

* <u>സ്കൂൾ ശുചീകരണ പ്രവർത്തനങ്ങൾ:</u>

ആഗസ്റ്റ് ആദ്യവാരം തന്നെ സ്കൂളും പരിസരവും PTA, MPTA, SMC രക്ഷാകർത്താക്കൾ, എന്നിവരുടെ നേതൃത്വത്തിൽ വൃത്തിയാക്കി.

* <u>സ്വാതന്ത്ര്യത്തിന്റെ കയ്യൊപ്പ്</u>

10/8/2022 ബുധനാഴ്ച സ്വാതന്ത്ര്യത്തിന്റെ കയ്യൊപ്പ് എന്ന പരിപാടി ബഹുമാനപ്പെട്ട ഹെഡ്മിസ്ട്രസ് ടെസി ടീച്ചർ കയ്യൊപ്പ് ചാർത്തിക്കൊണ്ട് ഉദ്ഘാടനം ചെയ്തു.

അതിനുശേഷം LKG മുതൽ 4-ാം ക്ലാസ് വരെയുള്ള
എല്ലാ കുട്ടികളും അധ്യാപകരും, അനധ്യാപകരും
രക്ഷിതാക്കളും കയ്യൊപ്പ് രേഖപ്പെടുത്തി.
ഇത് കുട്ടികൾക്ക് വേറിട്ട ഒരനുഭവം ആയിരുന്നു.
ഓരോ കുട്ടിയും കൂട്ടത്തിൽ നിന്ന് തങ്ങളുടെ
കയ്യൊപ്പ് കണ്ടെത്താൻ ശ്രമിക്കുന്ന കാഴ്ച വളരെ
രസകരമായിരുന്നു.

## ഗാന്ധിമരം നടൽ

11/8/2022 വ്യാഴം, 75-ാം വാർഷികത്തിന്റെ
ഭാഗമായി മരം നടുന്നതിന് തെരഞ്ഞെടുത്ത 75
സ്കൂളുകളിൽ ഒന്ന് ഞങ്ങളുടെ സ്കൂൾ ആയിരുന്നു.
അതിനാൽ വിപുലമായ രീതിയിലാണ് പരിപാടികൾ
ആസൂത്രണം ചെയ്തിരുന്നത്. സ്കൂളിൽ നിന്ന്
ആവശ്യപ്പെട്ടതിൻ പ്രകാരം KFRI യിൽ നിന്ന് സൗജന്യമായി
ഫലവൃക്ഷത്തൈകൾ തലേദിവസം തന്നെ സ്കൂളിൽ
എത്തിച്ചു നൽകി. അന്നേ ദിവസം രാവിലെ കൃത്യം
11.30ന് ഗാന്ധിമരം നടൽ പരിപാടികളുടെ തുടക്കം
കുറിച്ചു കൊണ്ട് ഡോ. സജീവ് (രജിസ്ട്രാർ KFRI)
വൃക്ഷത്തൈകൾ ഹെഡ്മിസ്ട്രസ് ടെസി ടീച്ചർക്ക്
കൈമാറി. ബഹുമാനപ്പെട്ട പാണഞ്ചേരി പഞ്ചായത്ത്
പ്രസിഡണ്ട് ശ്രീ. PP രവീന്ദ്രൻ മാസ്റ്റർ വൃക്ഷത്തൈ
നട്ടുകൊണ്ട് ഗാന്ധിമരം നടൽ ഉദ്ഘാടനം ചെയ്തു
ഇതിനുശേഷം ചേർന്ന യോഗത്തിൽ കുട്ടികളോട്
വളരെ സരസവും ലളിതവുമായ ഭാഷയിൽ ഗാന്ധിജി

ഭാരതത്തിനു നൽകിയ സേവനങ്ങളെക്കുറിച്ചും, അദ്ദേഹത്തിന്റെ ജീവിത മാതൃക നമ്മുടെ ജീവിതത്തിൽ പകർത്തേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയും, ഈ കാലഘട്ടത്തിൽ അതിന്റെ പ്രാധാന്യത്തെക്കുറിച്ചും അദ്ദേഹം കുട്ടികളെ ഉദ്ബോധിപ്പിച്ചു. ഡോ. സജീവ് സർ KFRI കുട്ടികളിൽ ശാസ്ത്രകൗതുകം ഉണർത്തുക എന്ന ലക്ഷ്യത്തോടെ നടത്തിവരുന്ന 'മഴവില്ല്' എന്ന പരിപാടിയെക്കുറിച്ച് വിവരിച്ചു. ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തണം എന്ന് കുട്ടികളോട് നിർദേശിച്ചു. KERI ഹൈഡ്രോളിക് റിസേർച്ച് വിഭാഗം ജോയിന്റ് ഡയറക്ടർ ശ്രീമതി ഷീന മാഡം സ്കൂളിന് ഒരു കൈത്താങ്ങായി നൽകിയ തുക ഉപയോഗിച്ച് വാങ്ങിച്ച ഉപകരണങ്ങൾ HMന് കൈമാറി. തന്റെ ആശംസാപ്രസംഗത്തിൽ മരം നട്ടുപിടിപ്പിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും. മരം നട്ടാൽ മാത്രം പോര അതിന്റെ പരിപാലനം കുട്ടികൾ ഏറ്റെടുത്ത് നടത്തണമെന്ന് ഓർമ്മപ്പെടുത്തി. ശ്രീ മനോജ് (പൂർവ്വവിദ്യാർത്ഥി) നൽകിയ സാമ്പത്തിക സഹായം ഉപയോഗിച്ച് കുട്ടികൾക്കായി വാങ്ങിയ കസേരകളുടെ കൈമാറ്റവും ഈ ചടങ്ങിൽ നടന്നു. സ്കൂളിൽ നടത്തിയ വിവിധ മത്സരങ്ങൾക്ക് സമ്മാനാർഹരായ കുട്ടികൾക്കുള്ള സമ്മാനദാനവും ഈ ചടങ്ങിൽ നടത്തി. UKGയിലെ എയ്ഡൻ ജോർജ്ജ് അവതരിപ്പിച്ച 'ഗാന്ധിവേഷം' ഈ പരിപാടിയുടെ വലിയ ആകർഷണമായിരുന്നു. 4-ാം ക്ലാസിലെ നവമി ഗാന്ധിജിയെക്കുറിച്ചുള്ള പ്രസംഗം വിജ്ഞാനപ്രദമായിരുന്നു.

സ്വാതന്ത്ര്യദിനവുമായി ബന്ധപ്പെട്ട വ്യക്തികൾ, സംഭവങ്ങൾ എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് നടത്തിയ പ്രദർശനം സ്വാതന്ത്ര്യസമരകാലഘട്ടത്തിലേക്ക് വെളിച്ചം വീശുന്നവയായിരുന്നു. യോഗത്തിനു ശേഷം വിശിഷ്ടാതിഥികൾ സ്വാതന്ത്ര്യത്തിന്റെ കയ്യൊപ്പ് രേഖപ്പെടുത്തിയാണ് പിരിഞ്ഞത്.

* ഭരണഘടനയുടെ ആമുഖം വായന.

അസംബ്ലിയിൽ ഭരണഘടനയുടെ ആമുഖം കുട്ടികൾക്ക് വായിച്ചുകൊടുക്കുകയും അവർ ഏറ്റുവായിക്കുകയും ചെയ്തു. ഭരണഘടനയുടെ ആമുഖം വലുതാക്കി എഴുതി സ്കൂളിൽ പ്രദർശിപ്പിച്ചു. ഇന്ത്യൻ ഭരണഘടനയെക്കുറിച്ച് HM ടെസിടീച്ചർ ഒരു വിവരണം കുട്ടികൾക്ക് നൽകി. ഇത് കുട്ടികൾക്ക് ഭരണഘടനയെക്കുറിച്ച് അറിവ് നേടാൻ പ്രാപ്തമായിരുന്നു.

* സ്വാതന്ത്ര്യദിനാഘോഷം:

15/8/2022 സ്വാതന്ത്ര്യദിനാഘോഷത്തിന്റെ തുടക്കം HM ടെസിടീച്ചറുടെ പതാക ഉയർത്തലോടു കൂടിയായിരുന്നു. യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും HM ടെസിടീച്ചർ സ്വാഗതം പറഞ്ഞു. പ്രസ്തുത ചടങ്ങിൽ PTA പ്രസിഡണ്ട് ലിമേഷ്, വിദ്യാഭ്യാസ പ്രവർത്തകൻ സിജു മാസ്റ്റർ, SOS പ്രതിനിധികൾ നോയൽ, സിമി എന്നിവർ ആശംസകളർപ്പിച്ചു സംസാരിച്ചു.

ശ്രീ. നോയൽ തന്റെ ആശംസാപ്രസംഗത്തിൽ സ്വാതന്ത്ര്യ
എന്താണെന്ന് മനസ്സിലാകണമെങ്കിൽ അതില്ലാതിരുന്ന
കാലത്ത് നാം ജീവിച്ചിരിക്കണം എന്ന് പറയുകയുണ്ടായി.
ഈ വാക്കുകൾ എല്ലാവരുടേയും മനസ്സിനെ
പിടിച്ചുലയ്ക്കുന്നതായിരുന്നു. സ്കൂൾ അധ്യാപിക
ചിത്രാടീച്ചറുടെ സ്വാതന്ത്ര്യദിനസന്ദേശം കുഞ്ഞു
മനസ്സുകളിൽ കയറിപ്പറ്റുന്ന വിധത്തിലുള്ളതായിരുന്നു
അതിനുശേഷം കുട്ടികളുടെ സ്വാതന്ത്ര്യദിനവുമായി
ബന്ധപ്പെട്ട കലാപരിപാടികൾ അരങ്ങേറി.
ഇതിൽതന്നെ പ്രധാന ആകർഷണം കുട്ടികൾ
അവതരിപ്പിച്ച സ്വാതന്ത്ര്യസമരസേനാനികളുടെ
വേഷപ്പകർച്ചയായിരുന്നു. (സുഭാഷ്ചന്ദ്രബോസ്,
ഭഗത്സിംഗ്, ഇന്ദിരാഗാന്ധി, ഗാന്ധിജി, നെഹ്റു,
ഭാരത്മാത, ഝാൻസി റാണി.) സ്വാതന്ത്ര്യസമരസേനാനി
കളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ദൃശ്യാവിഷ്കാരം
സ്വാതന്ത്ര്യസമരകാലഘട്ടത്തിലേക്ക് ഏവരേയും
കൊണ്ടെത്തിച്ചു. 1947 ആഗസ്റ്റ് 15 സ്വാതന്ത്ര്യ
പുലരിയിൽ പിറന്നുവീണ ശ്രീമതി മേരിച്ചേച്ചിയുടെ
മഹനീയ സാന്നിധ്യം പരിപാടിയുടെ മാറ്റുകൂട്ടി.
SOS സംഘടന സ്കൂളിലെ കുട്ടികൾക്കാവശ്യമായ
ബാഡ്ജുകൾ, ബാന്റുകൾ, റിബ്ബൺ, തോരണങ്ങൾ,
കൊടികൾ. എന്നിവ സ്കൂളിലേക്ക് നൽകുകയുണ്ടായി
ഇതെല്ലാം ധരിച്ച് കുട്ടികൾ അണിനിരന്നപ്പോൾ
സ്വാതന്ത്ര്യദിനാഘോഷപരിപാടികൾ വർണ്ണശബളവും
പ്രൗഢഗംഭീരവുമായി. മധുരവിതരണത്തോടുകൂടി
സ്വാതന്ത്ര്യദിനാഘോഷ പരിപാടികൾക്ക്
പര്യവസാനമായി.